**മനുഷ്യവർഗത്തിന് ഒന്നിച്ചൊരു നേതൃത്വമുണ്ടായാലേ സമാധാനത്തോടെയുള്ള ജീവിതം സാധ്യമാവുകയുള്ളൂ. ആ നേതൃത്വം സർവശക്തനും സർവജ്ഞനും സർവസ്രഷ്ടാവും പരിപാലകനുമായ ഏകദൈവത്തിന്റേതു മാത്രമേ ആവാൻ പറ്റുകയുള്ളൂ**


# സമാധാനത്തിന്റെ വേദം

പ്രഫ. വി. മുഹമ്മദ്

ഇസ്‌ലാം എന്നാൽ ഏകദൈവത്തിന് കീഴൊതുങ്ങലാണ്. മനുഷ്യന് ദൈവം നിശ്ചയിച്ച ഈ ജീവിതരീതിയാണ് മതം എന്ന പേരിലറിയപ്പെടുന്നത്. ആദ്യമനുഷ്യൻ മുതൽ എല്ലാവർക്കും നിർബന്ധമാക്കി നിശ്ചയിച്ചിട്ടുള്ളതാണ് മതം- അഥവാ, ദൈവത്തിന് കീഴൊതുങ്ങി ജീവിക്കൽ. ഭൂമിയിൽ മനുഷ്യന്റെ ഉത്ഭവം അല്ലാഹു വിവരിച്ചത്, 'ഞാൻ ഭൂമിയിൽ ഒരു *ഖലീഫ*യെ ഉണ്ടാക്കുകയാണ്' എന്നു പറഞ്ഞുകൊണ്ടാണ്. മറ്റു സൃഷ്ടികളിൽ ഒന്നിനെയും ഈ പേര് വിളിച്ചിട്ടില്ല. ഈ പദം സൂചിപ്പിക്കുന്ന രീതിയിലുള്ള സൃഷ്ടി ഭൂമിയിലുണ്ടായാൽ കുഴപ്പവും രക്തച്ചൊരിച്ചിലും ഉണ്ടാകുമെന്നും, എന്നാൽ അതുണ്ടാവാതെ ജീവിതം നയിക്കാൻ വേണമെങ്കിൽ അവർക്ക് കഴിയുന്നതാണ് എന്നും അല്ലാഹു വ്യക്തമാക്കി (2: 30-33). ചിന്താശക്തിയും തീരുമാനശേഷിയും പ്രവർത്തനസ്വാതന്ത്ര്യവുമുള്ള ഒന്നിലധികം പേർ ഒരു രംഗത്തുണ്ടായാൽ അനന്തരഫലം കുഴപ്പം തന്നെയായിരിക്കുമല്ലോ. ഇത്തരം രംഗങ്ങളിൽ ഒരാളെ നേതാവായി അംഗീകരിക്കലാണ് അച്ചടക്കത്തിനും തദ്വാരാ സമാധാനത്തിനുമുള്ള മാർഗം. അങ്ങനെയാണ് ഇന്ന് മനുഷ്യസമൂഹത്തിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. മനുഷ്യവർഗത്തിന് ഒന്നിച്ചൊരു നേതൃത്വമുണ്ടായാലേ സമാധാനത്തോടെയുള്ള ജീവിതം സാധ്യമാവുകയുള്ളൂ. ആ നേതൃത്വം സർവശക്തനും സർവജ്ഞനും സർവസ്രഷ്ടാവും പരിപാലകനുമായ ഏകദൈവത്തിന്റേതു മാത്രമേ ആവാൻ പറ്റുകയുള്ളൂ. ഇതാണ് മതം- ദൈവവിധേയത്വം. ആദിമനുഷ്യൻ മുതൽ മുഹമ്മദ്നബി(സ) വരെ വിവിധ സമൂഹങ്ങളിൽ കാലാകാലങ്ങളിലായി നിയുക്തരായിക്കൊണ്ടിരുന്ന എല്ലാ ദൈവദൂതന്മാരിലൂടെയും ഈ കാര്യമാണ് മനുഷ്യർ അറിയിക്കപ്പെട്ടുപോന്നത്.

മനുഷ്യരെല്ലാം ഏകസമുദായമാണെന്നും ആദ്യത്തെ പുരുഷന്റെയും സ്ത്രീയുടെയും സന്താനങ്ങളായി പെരുകി വ്യാപിച്ചതാണെന്നും അല്ലാഹുവിന്റെ മുമ്പിൽ എല്ലാവരും സമന്മാരാണെന്നും ഏറ്റവുമധികം ദൈവഭയത്തോടെ ജീവിച്ച സജ്ജനങ്ങളാണ് അല്ലാഹുവിങ്കൽ ഏറ്റവുമധികം ആദരണീയരെന്നും ദൈവദൂതന്മാരിലൂടെ മനുഷ്യരെ അല്ലാഹു അറിയിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഇത്തരം സൂക്ഷ്മതയോടുകൂടിയ ജീവിതത്തിന് എല്ലാ ദൈവദൂതന്മാരും മാർഗദർശനം നൽകിപ്പോന്നിട്ടുണ്ട്. മുൻപ്രവാചകന്മാരെയും മുൻഗ്രന്ഥങ്ങളെയും അംഗീകരിക്കണമെന്നും എല്ലാവരും ജനങ്ങളോട് പറയുകയും ചെയ്തിരുന്നു. തങ്ങളുടെ പിന്നാലെ വേറെ ദൈവദൂതന്മാർ വരാനുണ്ടെന്നും അവരെ അനുസരിക്കേണ്ടതാണെന്നും ചിലർ പറഞ്ഞിരുന്നു. എല്ലാവരും ജനങ്ങൾക്ക് നൽകിയ ദിവ്യസന്ദേശത്തിന്റെ രത്നച്ചുരുക്കം ഏകദൈവത്തിനു കീഴൊതുങ്ങി ജീവിക്കണം എന്നതു തന്നെയായിരുന്നു. ഇതിന്റെ അറബിപദമാണ് ഇസ്‌ലാം. ഇതംഗീകരിച്ച് ജീവിക്കുമ്പോൾ ഇഹത്തിലും പരത്തിലും മനുഷ്യന് സമാധാനം ലഭിക്കും.

മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യം സമാധാനം ആണെന്നത് ഒരു സംശയവുമില്ലാത്ത കാര്യമാണ്. അല്ലാഹു ആവശ്യപ്പെടുന്നത് ലോകത്ത് സമാധാനം നിലനിർത്തണമെന്നും അതിനു ഭംഗംവരുത്തുന്ന യാതൊന്നും മനുഷ്യൻ ചെയ്തുപോകരുതെന്നുമാണ്. 'ഞങ്ങളുടെ റബ്ബേ, ഞങ്ങളെ നീ സമാധാനത്തോടെ ജീവിപ്പിച്ചുതരേണമേ!' എന്ന് ഖുർആന്റെ അനുയായികൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. പ്രാർഥന വെറും അധരവ്യായാമമല്ല. അത് പ്രയത്നവും ഫലസിദ്ധിക്കുള്ള ആഗ്രഹവും ദൈവസഹായത്തിനുള്ള അപേക്ഷയും കൂടിയാണ്. പ്രാർഥനയോടുകൂടിയുള്ള ഈ പ്രയത്നത്തിന്റെ ഫലമായി സമാധാനം നേടാനായാലും ഇല്ലെങ്കിലും ഇതിലൂടെ ശാശ്വതമായ സ്വർഗജീവിതം നേടാൻ കഴിയുമെന്നത് തീർച്ചയാണ്. സ്വർഗത്തിന് *ദാറുസ്സലാം* (സമാധാനത്തിന്റെ ഭവനം) എന്ന് പേരു നൽകപ്പെട്ടിരിക്കുന്നു. മേൽകണ്ട പ്രാർഥനയുടെ തുടർച്ചയായി, 'ഞങ്ങളെ നീ സമാധാനത്തിന്റെ ഗേഹത്തിൽ പ്രവേശിപ്പിച്ചുതരേണമേ!' എന്ന് കൂടി പ്രാർഥനയുണ്ട്. ഭൗതികലോകത്ത് സമാധാനം നിലനിർത്താൻ ശ്രമിച്ചാൽ പാരത്രികലോകത്ത് സമാധാനഗേഹമായ സ്വർഗത്തിൽ ശാശ്വതമായി സുഖമനുഭവിക്കാം. മനുഷ്യനോടുള്ള അല്ലാഹുവിന്റെ ആജ്ഞാനിരോധങ്ങളെല്ലാം സമാധാനം നിലനിർത്താനും അസമാധാനം ഇല്ലാതാ



**‘ഞങ്ങളുടെ റബ്ബേ, ഞങ്ങളെ നീ സമാധാന ത്തോടെ ജീവിപ്പിച്ചുതരേ ണമേ!’ എന്ന് ഖുർആന്റെ അനുയായികൾ പ്രാർഥി ച്ചുകൊണ്ടിരിക്കുന്നു. അത് പ്രയത്നവും ഫലസിദ്ധി ക്കുള്ള ആഗ്രഹവും ദൈവ സഹായത്തിനുള്ള അപേ ക്ഷയും കൂടിയാണ്.**

ക്കാനും സഹായകമായതാണെന്ന് ഖുർആൻ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. ചില ഉദാഹരണങ്ങൾ മാത്രം പറയാം:

വിശ്വാസത്തിൽനിന്ന് ആശയവും ആശയത്തിൽനിന്ന് പ്രവർത്തനവും ഉണ്ടാകുന്നുവെന്നത് മനുഷ്യന്റെ വിശേഷതയാണ്. മനുഷ്യപ്രവർത്തനങ്ങളുടെ ഗുണനിലവാരം വിശ്വാസത്തിൽ അധിഷ്ഠിതമാണ്. വിശ്വാസം ശരിയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനം നല്ലതും, വിശ്വാസം തെറ്റായതാണെങ്കിൽ പ്രവർത്തനം ദോഷകരവുമായിത്തീരും. മനുഷ്യരെല്ലാം ഏകദൈവത്തിന്റെ സൃഷ്ടികളും ഒരേ മാതാപിതാക്കളുടെ സന്താനങ്ങളും ആണെന്ന വിശ്വാസം പ്രവർത്തനങ്ങളിൽ സിംഹഭാഗവും ഗുണകരമാക്കിത്തീർക്കുന്നതാണ്. മനുഷ്യർ സഹോദരങ്ങളാണെന്നും മറ്റു ജീവികൾ മനുഷ്യരെപ്പോലെയുള്ള സമുദായങ്ങൾ തന്നെയാണെന്നുമുള്ള സത്യത്തിൽ വിശ്വസിക്കണം. അല്ലാഹുവിന്റെ ഈ പ്രസ്താവനകൾ നോക്കുക: “മനുഷ്യരേ! നാം നിങ്ങളെ ഒരു പുരുഷനിൽനിന്നും ഒരു സ്ത്രീയിൽനിന്നുമാണ് സൃഷ്ടിച്ചിരിക്കുന്നത്. നിങ്ങൾ പരസ്പരം അറിയാനുതകുമാറ് നിങ്ങളെ നാം പല വിഭാഗങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തു. നിശ്ചയമായും അല്ലാഹുവിന്റെ അടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ ഏറ്റവുമധികം *തഖ്വ* (സൂക്ഷ്മത)യുള്ളയാളാണ്” (49:13). “മനുഷ്യരേ! ഒരേയൊരാത്മാവിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചവനായ നിങ്ങളുടെ റബ്ബിനെ നിങ്ങൾ സൂക്ഷിച്ചുജീവിക്കുവിൻ; അതിൽനിന്നു തന്നെ അവൻ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവർ രണ്ടു പേരിൽനിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ റബ്ബിനെ (സൂക്ഷിച്ചുജീവിക്കുവിൻ). നിങ്ങൾ ഏതൊരുവന്റെ പേരിലാണോ പരസ്പരം (ആശ്രിതരായ നിലയിൽ) ചോദിച്ചുകൊണ്ടിരിക്കുന്നത്, ആ അല്ലാഹുവിനെയും (അതുപോലെത്തന്നെ) കുടുംബബന്ധങ്ങളെയും നിങ്ങൾ സൂക്ഷിച്ചുജീവിക്കുവിൻ” (4:1). “ഭൂമിയിലുള്ള ഒരു ജന്തുവും രണ്ടു ചിറകുകൾ കൊണ്ട് പറക്കുന്ന ഒരു പക്ഷിയും നിങ്ങളെപ്പോലെയുള്ള സമുദായം ആയിട്ടല്ലാതെ ഇല്ല” (6:38).

## ബന്ധങ്ങൾ

വിശ്വസിക്കുന്നവരോട് ബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള ബാധ്യതകളെ സംബന്ധിച്ച് അല്ലാഹു വിവരം നൽകുന്നുണ്ട്. മാതാപിതാക്കൾക്ക് സന്താനങ്ങളോടും അവർക്ക് മാതാപിതാക്കളോടും ഭാര്യക്ക് ഭർത്താവിനോടും ഭർത്താവിന് ഭാര്യയോടും സഹോദരന്മാരും സഹോദരികളും രക്തബന്ധമുള്ളവരും വിവാഹബന്ധമുള്ളവരും തമ്മിൽ പരസ്പരവും ഉള്ള ബാധ്യതകളും അയൽപക്കക്കാർ തമ്മിലും നാട്ടുകാർ തമ്മിലും തൊഴിലാളികളും തൊഴിലുടമയും ദരിദ്രരും ധനികരും കച്ചവടക്കാരനും വാങ്ങുന്നവരും ഭരണകർത്താക്കളും ഭരണീയരും മറ്റു വിവിധ രംഗങ്ങളിലുള്ളവർ തമ്മിലും ഉള്ള പരസ്പരബാധ്യതകളെല്ലാം മതം വിശദീകരിച്ചു. വ്യത്യസ്ത വിശ്വാസക്കാരും ആശയക്കാരും ആചാരാനുഷ്ഠാനക്കാരും തമ്മിൽ നിലനിൽക്കേണ്ട സമാധാനപരമായ ബന്ധങ്ങളും വിശദീകരിച്ചിട്ടുണ്ട്. മറ്റുള്ളവരെ മനസാ വാചാ കർമണാ വിഷമിപ്പിക്കാത്തതും അവർക്ക് സുഖവും സമാധാനവും കൈവരുത്തുന്ന രീതിയിലുള്ളതുമാണ് ഈ ബാധ്യതകളെല്ലാം.

മറ്റുള്ളവർ ഒരേ ദൈവത്തിന്റെ സൃഷ്ടികളെന്ന നിലയിൽ നാം സമന്മാരും ഒരേ മാതാപിതാക്കളുടെ സന്തതികളെന്ന നിലയിൽ സഹോദരങ്ങളും ആണെന്ന യാഥാർഥ്യത്തെപ്പറ്റി ബോധ്യം വേണം. ഉച്ചനീചത്വങ്ങളോ കഴിവും കഴിവുകേടുമോ ഒന്നുംതന്നെ തുല്യത എന്ന യാഥാർഥ്യം അവഗണിക്കാനിടവരുത്തരുത്. തന്നേക്കാൾ ധനത്തിലും ആരോഗ്യത്തിലും ബുദ്ധിശക്തിയിലും മറ്റും വളരെ താഴ്ന്ന പടിയിലുള്ള, നിസ്സാരനായി കാണപ്പെടുന്ന ആൾ ശാശ്വതമായ പരലോകജീവിതത്തിൽ തന്നേക്കാൾ വളരെയേറെ ഉയർന്ന പടിയിൽ കഴിയുന്നതും തന്നേക്കാളധികം ആസ്വദിച്ചു കഴിയുന്നതും കാണേണ്ടിവരാം എന്നത് ഒരു ന്യായമായ ഉത്കണ്ഠയായി നമ്മുടെ മനസ്സിൽ വേണം. കഷ്ടപ്പാട് കാരണം യാചിക്കുന്നവന് കൊടുക്കാനുള്ളത് കൈവശമില്ലാത്തതിനാൽ അയാളെ മടക്കിയയക്കേണ്ടിവന്നാൽ അയാളോട് ആശ്വാസമേകുന്ന വാക്കുകൾ പറയുകയും കൈയിൽ കിട്ടുമ്പോൾ അയാൾക്ക് നൽകുന്നതാണെന്ന് പറഞ്ഞുവിടുകയും വേണമെന്ന് കൽപിക്കുന്നു. തമ്മിൽ കണ്ടുകൊണ്ടിരിക്കുന്നവർ മൂന്നു ദിവസത്തിലധികം പിണങ്ങി നടക്കരുതെന്നും മൂന്നു ദിവസമായാൽ ഒരാൾ മറ്റെയാളെ സമീപിച്ച് സലാംചൊല്ലണമെന്നും കൽപിച്ചിരിക്കുന്നു. ആരോടും വിദ്വേഷവും വെറുപ്പും മനസ്സിൽ വച്ചുകൊണ്ടിരിക്കരുതെന്നും ആ നിലയിൽ മരണപ്പെട്ടുപോയാൽ അത് നീക്കി ഹൃദയം ശുദ്ധീകരിച്ച ശേഷം മാത്രമേ സ്വർഗത്തിൽ പ്രവേശനം നൽകുകയുള്ളൂ എന്നും പറഞ്ഞിരിക്കുന്നു. രക്തബന്ധം പരിപാവനമാക്കിവച്ചിരിക്കുന്നു. അത് വിഛേദിക്കുന്നതിന്റെ ഗുരുതരമായ ഭവിഷ്യത്തിനെപ്പറ്റി താക്കീതു നൽകുകയും അത് നാട്ടിൽ കുഴപ്പമുണ്ടാകുന്നതിന് ഇടയാക്കുമെന്ന് സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു. രക്തബന്ധം വിഛേദിക്കൽ നരകശിക്ഷയിലേക്ക് നയിക്കുമെന്നും പറഞ്ഞിരിക്കുന്നു. കൂട്ടിച്ചേർത്തുനിർത്താൻ ദൈവകൽപനയിലൂടെ ആവശ്യപ്പെട്ട എല്ലാ ബന്ധങ്ങളും കൂട്ടിച്ചേർത്തുനിർത്തണമെന്ന് കൽപിക്കുകയും സത്യവിശ്വാസമില്ലാത്ത ദുർമാർഗികൾ ഇതിനെതിരായി പ്രവർത്തിക്കുന്നത് കുഴപ്പമുണ്ടാകാനും അത് വ്യാപിക്കാനും കാരണമായിത്തീരുന്നതാണ് എന്ന് സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സമൂഹം വളരെ വിശാലമായി ഭൂമിയിൽ മുഴുവൻ വ്യാപിച്ചുകിടക്കുകയാണ്. അതിലെ ചെറിയ ഒരു ബിന്ദുമാത്രമാണ് കുടുംബം. സമൂഹത്തിൽ മുഴുവൻ സമാധാനം നിലനിർത്തണമെന്നാണ് ദൈവകൽപന. ഇതിനുള്ള ആജ്ഞാനിരോധങ്ങൾ മതത്തിൽ നിരവധിയുണ്ട്. ദൈവത്തിൽ വിശ്വസിക്കാത്തവരും വ്യത്യസ്തരായ പല ദൈവങ്ങ

ളെയും ആരാധിക്കുന്നവരും ലോകത്തുണ്ടായിരിക്കും. ഏകദൈവവിശ്വാസത്തിലാകട്ടെ, ഒരു നീക്കുപോക്കും ഉണ്ടാവുന്നതുമല്ല. ഏകദൈവത്തെ കൂടാതെയുള്ള ഏതു ദൈവസങ്കൽപവും യാഥാർഥ്യത്തിനു വിരുദ്ധമാണെന്ന് ഏകദൈവവിശ്വാസിക്ക് ബോധ്യവുമാണ്. ദൈവത്തോട് പങ്കുചേർക്കൽ മാപ്പ് നൽകപ്പെടാത്ത പാതകമാണെന്ന് അല്ലാഹു പറഞ്ഞിട്ടുമുണ്ട്. എന്നാൽ, ബഹുദൈവാരാധകർ ആരാധിക്കുന്നവയെ ദുഷിച്ചുപറയരുതെന്ന് ഖുർആൻ കൽപിച്ചിരിക്കുന്നു. ബഹുദൈവാരാധകർ അറിവില്ലായ്മ മൂലം അതിരുവിട്ട് ഏകദൈവത്തെ ദുഷിച്ചുപറയാനിടവരും എന്ന് കൂടി ദൈവകൽപന വിശദീകരിക്കുന്നുണ്ട് (ഖുർആൻ: 6:108). ഏകദൈവവിശ്വാസികൾ ആരാധിക്കുന്ന ഏകദൈവത്തെയല്ല ബഹുദൈവവിശ്വാസികൾ ആരാധിക്കുന്നത്. ബഹുദൈവവിശ്വാസികൾ ആരാധിക്കുന്ന ദൈവങ്ങളെ ഏകദൈവവിശ്വാസികൾ ആരാധിക്കുന്നതുമല്ല. അതുകൊണ്ട് ഓരോ കൂട്ടരും തങ്ങളുടെ വിശ്വാസപ്രകാരം ആരാധന നടത്തി സമാധാനത്തോടെ സഹവർത്തിക്കുകയാണ് വേണ്ടത് എന്ന് ഏകദൈവവിശ്വാസികളോട് കൽപിക്കപ്പെട്ടിരിക്കുന്നു (ഖുർആൻ: 109: 4-6).

മുഹമ്മദ് നബി(സ)യുടെ പ്രശസ്തമായ മക്കാവിജയം നടന്നുകഴിഞ്ഞപ്പോൾ അദ്ദേഹം കഅ്ബ പ്രദക്ഷിണം വയ്ക്കുകയും എന്നിട്ടു തന്റെ ഒട്ടകപ്പുറത്തിരുന്ന് നടത്തിയ പ്രസംഗത്തിൽ ഇങ്ങനെ പറയുകയും ചെയ്തു: "ജനങ്ങളേ, അല്ലാഹു നിങ്ങളിൽനിന്ന് അവിവേകത്തിന്റെ ദോഷങ്ങൾ നീക്കിക്കളഞ്ഞിരിക്കുന്നു. സ്വന്തം പൂർവികരുടെ പേരിൽ വലിപ്പം നടിക്കുന്നതും ഇല്ലാതാക്കിയിരിക്കുന്നു. മനുഷ്യർ രണ്ടു തരം മാത്രമാണ്. നന്മയും ഭക്തിയും അല്ലാഹുവിങ്കൽ മാന്യതയുമുള്ള ആളും തിന്മയുള്ള, അല്ലാഹുവിങ്കൽ നിർഭാഗ്യവാനായ ആളും." സത്യവിശ്വാസികളുടെ വീക്ഷണത്തിൽ വിപ്ലവകരമായ മാറ്റം വരുത്തിയതാണീ പ്രസ്താവന. നബി(സ)യും നബിയെ പിൻപറ്റിക്കൊണ്ട് അനുയായികളും ഈ ആശയം പൂർണമായി നടപ്പിലാക്കി. നബി(സ)യുടെ ചില പ്രസ്താവനകൾ ഇതിൽ ശ്രദ്ധേയമാണ്. "ദിമ്മിയ്യിനെ (മുസ്‌ലിംഭരണത്തിൽ സുരക്ഷിതനായി കഴിയേണ്ട അമുസ്‌ലിമിനെ) ആരെങ്കിലും ഉപദ്രവിച്ചാൽ അയാൾ എന്നെയാണ് ഉപദ്രവിച്ചിട്ടുള്ളത്".

നബി(സ) മുസ്‌ലിംസൈന്യത്തോട് കുട്ടികളെയും സ്ത്രീകളെയും വൃദ്ധരെയും മതാനുഷ്ഠാനം സംബന്ധിച്ച കാര്യങ്ങളിൽ ഏർപ്പെട്ടവരെയും കൊല്ലുന്നത് നിരോധിച്ചുകൊണ്ടുപറഞ്ഞു: "അന്യായമായി ഒരു യഹൂദിയെയോ ക്രിസ്ത്യാനിയെയോ ആരെങ്കിലും ഉപദ്രവിക്കുന്നതായാൽ ഖിയാമത്ത് നാളിൽ ഞാനവരുടെ എതിരാളിയായിരിക്കും".

നബി(സ)യുടെ വാക്കും പ്രവൃത്തിയും അതിസൂക്ഷ്മമായി അനുസ്മരിക്കുന്നവരായിരുന്നു മുസ്‌ലിംകൾ. നബിയുടെ പിന്നാലെ ഭൗതികാധികാരംകൂടി കൈയേറ്റവർ ഇത് കണിശമായി നടപ്പിലാക്കിയിരുന്നു. ചില തെളിവുകൾ:

ഉസാമത്തുബ്നു സൈദ്(റ) സൈനികനടപടിക്ക് സിറിയയിലേക്ക് പോകുമ്പോൾ അദ്ദേഹത്തിന് ഖലീഫാ അബൂബക്ർ(റ) കൊടുത്ത നിർദേശത്തിൽ ഇങ്ങനെ കാണാം: "ആരാധനാലയങ്ങളിൽ തങ്ങളെ സ്വയം അർപ്പിച്ചുകഴിഞ്ഞു കൂടുന്നവരെ നിങ്ങൾ കണ്ടെത്തും. അവരെ അവർ നടത്തുന്ന കർമങ്ങളിൽ നിങ്ങൾ ഒഴിവാക്കിവിടണം". ഖലീഫാ ഉമർ(റ) ഫലസ്ത്വീൻ വിമോചിപ്പിച്ചപ്പോൾ അദ്ദേഹം ജനങ്ങൾക്ക് നൽകിയ വാഗ്ദാനത്തിൽ ഇങ്ങനെയുണ്ടായിരുന്നു: "നിങ്ങളുടെ ജീവന്നും ആരാധനാലയങ്ങൾക്കും കുരിശുകൾക്കും സുരക്ഷ നൽകുന്നു. നിങ്ങളുടെ മതകാര്യത്തിൽ ഒരു നിർബന്ധവും ചെലുത്തപ്പെടുന്നതല്ല. നിങ്ങളിലാരും ഉപദ്രവിക്കപ്പെടുന്നതുമല്ല".

അംറുബ്നു ആസ്(റ) ഈജിപ്ത് വിമോചിപ്പിച്ചപ്പോൾ അവർക്ക് നൽകിയ വാഗ്ദാനത്തിൽ ഇങ്ങനെയുണ്ടായിരുന്നു: "നിങ്ങൾക്ക് നിങ്ങളുടെ ജീവന്നും സ്വത്തിനും മതത്തിനും പള്ളികൾക്കും കുരിശുകൾക്കും കരയ്ക്കും കടലിനും എല്ലാ സുരക്ഷിതത്വവും ഉറപ്പുനൽകുന്നു. നിങ്ങളുടെ കാര്യങ്ങളിൽ ഒന്നും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതല്ല".

മതത്തിന്റെ ഭാഗമായി നബി(സ) മുഖേന അറിയിക്കപ്പെട്ട കാര്യങ്ങൾ ഖലീഫമാരും സൈന്യാധിപന്മാരും നടപ്പിലാക്കിയതിന് ചില ഉദാഹരണങ്ങളാണീ കണ്ടത്. ഇതെല്ലാം നൽകിയത് മുസ്‌ലിംകളെന്നറിയപ്പെട്ടവരും, അനുഭവിക്കുന്നത് അവരെ എതിർത്ത യഹൂദികളും ക്രിസ്ത്യാനികളുമാണ്. മതം എത്ര കർശനമായിട്ടാണ് ഇതെല്ലാം നടപ്പിലാക്കുന്നതെന്ന് നാം മനസ്സിലാക്കണം.

മനുഷ്യജീവിതം സാമൂഹികമായി മാത്രം നടക്കുന്നതാണ്. പ്രത്യക്ഷമോ പരോക്ഷമോ ആയ സഹകരണത്തോടെയല്ലാതെ മനുഷ്യജീവിതത്തിൽ ഒന്നും നടക്കുന്നില്ല. പ്രത്യക്ഷമായ ബന്ധങ്ങളിൽ അസന്തുഷ്ടിയും അതൃപ്തിയും വെറുപ്പും വൈരാഗ്യവും അസൂയയും ഒക്കെ ഉണ്ടാവാം. അതിന്റെയൊക്കെ ഫലങ്ങൾ സഹിക്കാൻ കഴിയാത്തത്ര ഗുരുതരവുമായിരിക്കാം. എന്നാൽ, അവയുടെ ദോഷഫലങ്ങളിൽനിന്ന് മനുഷ്യരെ രക്ഷപ്പെടുത്താനും അവയുടെ ദോഷഫലങ്ങളനുഭവിക്കുന്നവർക്ക് ആശ്വാസവും അനുഭവിച്ചതിന് സൽഫലവും നേടിക്കൊടുക്കാനും മതത്തിനു മാത്രമേ സാധ്യമാവുകയുള്ളൂ.

'സത്യവിശ്വാസിക്ക് മാത്രം ഉണ്ടായിരിക്കുന്ന അത്ഭുതകരമായ അവസ്ഥ'യെപ്പറ്റി മുഹമ്മദ്നബി(സ) വിശദീകരിച്ചത് ഇങ്ങനെയാണ്: 'അവന് നല്ലത് വന്നുഭവിച്ചാൽ അവൻ അല്ലാഹുവിനോട് നന്ദികാണിക്കുകയും അതവന് ഗുണകരമായിത്തീരുകയും ചെയ്യുന്നു; അവന് ദോഷം വന്നുഭവിച്ചാൽ അവൻ ക്ഷമപാലിക്കുകയും അതവന് ഗുണകരമായിത്തീരുകയും ചെയ്യുന്നു'. സൗഭാഗ്യത്തിൽ അമിതമായി ആഹ്ലാദിക്കാതിരിക്കുകയും ദൗർഭാഗ്യത്തിൽ അമിതമായി ദുഃഖിക്കാതിരിക്കുകയും ചെയ്ത് എല്ലാ അവസ്ഥകളിലും സമചിത്തത നിലനിർത്തി ജീവിതം നയിക്കാൻ കഴിയുക ഏകദൈവത്തിലും പാരത്രികജീവിതത്തിലും ഉറച്ച വിശ്വാസമുള്ളവർക്ക് മാത്രമാണ്.

സമൂഹത്തിൽ ദുഷിച്ച വ്യക്തികളും അവരുടെ കൂട്ടായ്മയും ഉണ്ടായിരിക്കും. അത്തരക്കാരുടെ ദുഷ്ചെയ്തികളും ഉണ്ടായിരിക്കും. വിവേകക്കുറവും വികാരാധിക്യവും കൊണ്ട് പലതും സംഭവിച്ചുകൊണ്ടിരിക്കും. പല അക്രമങ്ങളും നടക്കും. അക്രമം ചെയ്യുന്നവരോട് പ്രതികാരം ചെയ്യൽ അനുവദനീയമാണെങ്കിലും മാപ്പുചെയ്യലാണ് കൂടുതൽ നല്ലതെന്നും മാപ്പുചെയ്യൽ ആണ് അല്ലാഹു ഇഷ്ടപ്പെടുന്ന നടപടിയെന്നും പറഞ്ഞിരിക്കുന്നു. ഇത് പറഞ്ഞിട്ടുള്ള വചനങ്ങളിൽ ഒന്ന് 24-ാം അധ്യായത്തിലെ 22-ാം വചനമാണ്: "നിങ്ങളിൽ ശ്രേഷ്ഠതയും നിവൃത്തിയും ഉള്ളവർ കുടുംബബന്ധമുള്ളവർക്കും സാധുക്കൾക്കും അല്ലാഹുവിന്റെ മാർഗത്തിൽ നാടുവിട്ടുപോയവർക്കും താങ്കൾ കൊടുത്തുവന്നിരുന്നതിന് സത്യം ചെയ്തുകൊണ്ട് മുടക്കം ചെയ്യരുത്. അവർ മാപ്പുചെയ്യുകയും വിട്ടുകൊടുക്കുകയും ചെയ്യട്ടെ. നിങ്ങൾക്ക് അല്ലാഹു പൊറുത്തുതരുന്നത് നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു വളരെയേറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു". ഈ വചനം അവതരിച്ചത് നബിയിൽനിന്ന് കേട്ട ഉടനെ അബൂബക്ർ സിദ്ദീഖ്(റ) തന്റെ മകളെപ്പറ്റി അപവാദപ്രചാരണം നടത്തിയ കുടുംബക്കാരനായ മിസ്അബിന് മാപ്പു കൊടുക്കുകയും അദ്ദേഹത്തിന് നൽകിക്കൊണ്ടിരുന്ന സഹായങ്ങൾ നിർത്തലാക്കിയിരുന്നത് വീണ്ടും കൊടുത്തുതുടങ്ങുകയും ചെയ്തത് ചരിത്രപ്രസിദ്ധമാണ്.

സംഘർഷം മുളയിൽതന്നെ നുള്ളിക്കളയണം. വ്യക്തികൾ തമ്മിലോ സംഘങ്ങൾ തമ്മിലോ സംഘർഷങ്ങളും സംഘട്ടനങ്ങളും ഉണ്ടാവാം. ദൈവവിശ്വാസമില്ലാത്തവർ തീവ്രത കാണിച്ചെന്നുവരാം. ഇത് വിവിധ മതസ്ഥർ തമ്മിൽ സമുദായാടിസ്ഥാനത്തിലുമാവാം. ഇന്ത്യയിൽ പലപ്പോഴും ഉണ്ടാവാറുള്ളതാണിത്. ദൈവം അനുവദിക്കാത്തതാണിത്, നിരോധിക്കുന്നതുമാണ്. വർഗീയസംഘട്ടനം വികാര

ത്തിന്റെ അരങ്ങാണ്. അതിൽ നിരപരാധികൾ ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. കുറ്റം ചെയ്യാത്തവരും ഒന്നും അറിഞ്ഞു കൂടാത്തവരും ആക്രമിക്കപ്പെടുന്നതും കൊല്ലപ്പെടുന്നതും ദൈവം കണിശമായി നിരോധിക്കുന്നു. ഇത് പക്ഷപാതപരമാണ്. പക്ഷപാതത്തിലേക്ക് ക്ഷണിക്കുന്നവരും പക്ഷപാതാടിസ്ഥാനത്തിൽ യുദ്ധം ചെയ്യുന്നവരും മതാനുയായികളല്ലെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. പക്ഷപാതാടിസ്ഥാനത്തിൽ ചേരിതിരിവുണ്ടാകുന്നത് തടയേണ്ടത് മതാനുയായികളുടെ കർത്തവ്യമാണ്. അവർ വികാരത്തെ വിവേകം കൊണ്ട് നേരിടണം.

സമാധാനം സ്ഥാപിക്കലും നിലനിർത്തലുമായിരിക്കും മതാനുയായിയുടെ പ്രവർത്തനലക്ഷ്യം: “അവിവേകികൾ അവരെ നേരിട്ടാൽ അവർ സമാധാനം എന്ന് പറയണം” (25:63). ഈ ദൈവകൽപന ഇങ്ങനെ വായ കൊണ്ട് പറഞ്ഞുനിർത്താനുള്ളതല്ല. ഇങ്ങനെ പറയുകമാത്രം ചെയ്യുന്നതുകൊണ്ട് അക്രമികൾ പിന്മാറുകയുമില്ല. ദൈവകൽപന സൂചിപ്പിക്കുന്നത് മതാനുയായികൾക്കുണ്ടാവേണ്ട വിചാരവും അവർ പ്രതികരിക്കേണ്ട രീതിയും ആണ്. അവിവേകികളിൽ വികാരാഗ്നി കത്തിപ്പടരുമ്പോൾ മതാനുയായികളിൽ വിവേകത്തിന്റെ ശീതള ഉറവകൾ ശാന്തി പരത്തിക്കൊണ്ടിരിക്കണം. അവിവേകികൾ നാശനഷ്ടങ്ങളും യാതനകളും വേദനകളും വ്യാപിപ്പിക്കാൻ ശ്രമിക്കുമ്പോൾ മതാനുയായികൾ ജനങ്ങളുടെ ജീവന്നും സ്വത്തിനും വേണ്ട സുരക്ഷയ്ക്കും അവരുടെ മനസ്സുകളുടെ സമാധാനത്തിനും വേണ്ട പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കണം. വ്യക്തികൾ തമ്മിലോ സംഘങ്ങൾ തമ്മിലോ മനസ്സിനിണക്കം കുറയുന്നതായി മനസ്സിലായാൽ ആ മനസ്സുകളെ തമ്മിലിണക്കാൻ ശ്രമിക്കണം. ആളുകളെ തമ്മിലടുപ്പിക്കലും അവർ തമ്മിലുള്ള അകൽച്ച ഇല്ലാതാക്കലും വലിയ പുണ്യകർമമായിട്ടാണ് മതം കാണുന്നത്. നബി(സ) ഒരിക്കൽ അനുയായികളോട് ചോദിച്ചു: “നിങ്ങൾക്ക് നോമ്പിനേക്കാളും നമസ്കാരത്തേക്കാളും ധർമത്തേക്കാളും ശ്രേഷ്ഠമായ ഒന്ന് പറഞ്ഞുതരട്ടെയോ?” അവർ: “അല്ലാഹുവിന്റെ ദൂതരേ, വേണം”. നബി(സ) പറഞ്ഞു: “ആളുകൾ തമ്മിലുള്ള ബന്ധം നന്നാക്കലാണത്. തമ്മിലുള്ള ബന്ധം കുഴപ്പത്തിലാക്കൽ മതത്തെ മുണ്ഡനം ചെയ്യുന്നതാണ്”. അബൂഅയ്യൂബുൽ അൻസ്വാരി(റ) എന്ന പ്രശസ്ത സ്വഹാബിക്ക് നബി(സ) ഒരു നല്ല കച്ചവടമെന്ന് പറഞ്ഞ് ചൂണ്ടിക്കാണിച്ചുകൊടുത്തത്, ‘തമ്മിലുള്ള ബന്ധം വഷളായത് നന്നാക്കലും തമ്മിലകന്നവരെ അടുപ്പിക്കലും’ ആണ്.

വ്യക്തികളും സംഘങ്ങളും തമ്മിലുള്ള ബന്ധം നന്നാക്കലും സമാധാനം സ്ഥാപിക്കലും നിലനിർത്തലും ഭൗതികജീവിതത്തിന് നേട്ടമാണെന്നതിനു പുറമെ, മതാനുയായികൾ ദൈവാനുസരണമെന്ന നിലയിൽ ഇതിന് പരിശ്രമിക്കുന്നത് അവരുടെ കർത്തവ്യനിർവഹണവും പരലോകത്ത് വമ്പിച്ച പ്രതിഫലം ലഭിക്കുമെന്ന് ഉറപ്പുള്ള കാര്യവുമാണ്.

■